ഓണം

# ഉണ്ണിയുടെ ഉള്ളുരുക്കം

ബേബി കാക്കശ്ശേരി

ഏറെ നിലയുള്ള ഫ്ലാറ്റിലെൻ താമസം
കേറിയിറങ്ങുവാനുണ്ട് ലിഫ്റ്റ്.
മേലനങ്ങാതെ ഞാൻ ചെന്നു കയറിയാല്
നാല് മുറിയിലും ഏസി യുണ്ട്.
വിസി ഡി - ടിവി, കമ്പ്യൂട്ടറും മിക്സിയും
വീടിനു വേണ്ടതിലേറെയുണ്ട്.
ഒപ്പത്തിനൊപ്പം വയസ്സുള്ള കുട്ടികൾ
അപ്പുറമിപ്പുറമുണ്ടെന്നാലും
തമ്മിൽ കളിക്കാനും കൂടാനും കൂവാനും
സമ്മതിക്കാറില്ലെന് പെറ്റമമ്മി
പുസ്തകമെപ്പോഴും കാർന്നുതിന്നില്ലെങ്കില്
മസ്തകം നോക്കിയടിക്കും കുമ്മി!



താഴോട്ടു ദൂരത്ത് നോക്കുകിൽ കണ്ടിടാം
ഏഴകൾ പാർക്കുന്ന കോളനിയില്
തൊടി ചാടി പൂ തേടി ഓടി നടക്കുന്നു
കരുമാടിക്കുട്ടന്മാർ - ഓണമത്രേ !

അത്തറിന് ഗന്ധമായി ഓടിനടക്കുന്നു
അത്തപ്പൂങ്കാറ്റുമവർക്കുമൊപ്പം
എന്നുമെനിക്കോണസദ്യയും, ആടുവാൻ
പൊന്നൂഞ്ഞാൽ ഫ്ലാറ്റിലുണ്ടെന്നാകിലും
ഇത്തിരി മുറ്റമെനിക്കില്ല മാവേലി-
യെത്തുമ്പോൾ പൂക്കളം തീർത്തിടുവാൻ!

////////////////////////////////////////////////////////////////////////////////////////////////////////////////

ഉറ്റവർക്കും ഉടയവർക്കും നാട്ടിലെങ്ങും പൊന്നോണം തീർക്കുവാന് മഞ്ഞിലും മണലിലും പ്രയക്ത്നിക്കുന്ന പ്രവാസി മലയാളികൾക്ക് ഒരായിരം ഓർമ്മകളുമായി ഓടിയെത്തുന്ന

## ഓണത്തിന്റെ നൂറുനൂറാശംസകൾ!

